# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 26** **February 2013** **No.11**

# എഡിറ്റോറിയൽ

ഇന്ന് സമൂഹത്തിലെ മനുഷ്യരുടെ ജീവിതശൈലിയാണ് മനുഷ്യരിലുണ്ടാകുന്ന മിക്ക രോഗങ്ങൾക്കും കാരണമെന്ന് ഡോക്ടർമാർ പറയുന്നു.ആളുകൾ ജീവിതശൈലിക്കു മാറ്റം വരുത്തുന്നതിന്റെ കാരണത്തിലേക്ക് അവർ കടക്കുന്നില്ല. ആളുകളുടെ ചിന്താഗതിയിലുണ്ടായ മാറ്റമാണ് അതിനു കാരണം. നമ്മുടെ ചിന്ത ശരിയായാൽ ജീവിതം ശരിയാകും. ജീവിതം ശരിയായാൽ നമ്മുടെ ശൈലിയും ശരിയാകും. ആഹാരത്തെ മാത്രമായി പരിഗണിച്ചാൽ പ്രശ്നം പരിഹരിക്കുവാൻ സാധ്യമല്ല. സമ്മർദ്ദവും പിരിമുറുക്കവും കുട്ടികളിലും പ്രായമായവരിലും കാണാം. അമിതമായ ആഗ്രഹങ്ങളും തെറ്റായ കാഴ്ച്ചപ്പാടുകളുമാണ് ഭൂരിഭാഗം ആളുകളെയും ഇന്നു മഥിക്കുന്നത്. അടിസ്ഥാനപരമായി ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യരിൽ ആഗ്രഹങ്ങൾ ജന്മസിദ്ധമായി ലഭിക്കുന്നതാണ്. ആബാലവൃദ്ധം ജനങ്ങളിലും അത് കാണാം. പക്ഷെ അതിനെ നിയന്ത്രിക്കുവാൻ നമുക്ക് കഴിയണം. നാം ശീലിക്കുന്നതിനനുസരിച്ചാണ് നാം കാര്യങ്ങൾ ക്രമീകരിക്കുന്നത്.

പുരാതന കാലത്തെ മനുഷ്യർ എങ്ങനെ ജീവിച്ചിരുന്നു എന്ന് നാം മനസിലാക്കുമ്പോൾ അവരിൽനിന്നു ചില യാഥാർത്ഥ്യങ്ങൾ നമുക്ക് ലഭിക്കും. അന്ന് അവർ ഉപജീവനത്തിനായി കായികമായി അദ്ധ്വാനിച്ചിരുന്നു. ഇന്ന് ആളുകൾ കായികമായി അദ്ധ്വാനം കുറക്കുകയും ബൗദ്ധികമായി അധികം അദ്ധ്വാനിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഡോക്ടർമാർ രോഗികളോട് വ്യായാമം ചെയ്യുവാൻ ആവശ്യപ്പെടുന്നത്. മനുഷ്യസ്വഭാവത്തെ സ്വാധീനിക്കുന്നതാണ് നമ്മുടെ മനസ്. ആത്മനിയന്ത്രണം, ആത്മസംയമനം എല്ലാവർക്കും അനിവാര്യമാണ്. ഏതൊരു

സാഹചര്യത്തെയും നേരിടുവാൻ നാം ശീലിക്കണം. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാൻ മാതാപിതാക്കൾ കുട്ടികളെ പഠിപ്പിക്കണം. മൽസരം അവസാനിപ്പിക്കണം. സാമ്പത്തിക ഉയർച്ച ലക്ഷ്യമാക്കി കുട്ടികളെ വളർത്തുന്ന മനോഭാവം മാതാപിതാക്കൾ ഉപേക്ഷിക്കണം. മനസിനെ പാകപ്പെടുത്താതെ അതിർ കടക്കുവാൻ വിട്ടാൽ നാം ഒരിടത്തുമെത്തുകയില്ല.

കുട്ടികളിൽ ധാർമ്മികമൂല്യത്തിന് പ്രാധാന്യം കൊടുക്കണം.ഭൗതികമായ ആവശ്യങ്ങളേക്കാൾ ആത്മികമായ അവബോധം അവരിൽ വളർത്തണം. മതപരമായ ജീവിതമാണ് അടുക്കും ചിട്ടയുമുള്ള ജീവിതത്തിന് ആധാരമായിട്ടുള്ളത്. ദൈവവചനമാണ് കുട്ടികളിൽ നിറയേണ്ടത്. പണത്തേക്കാളും പ്രതാപത്തേക്കാളും ആരോഗ്യവും ധാർമ്മികവും മതപരവുമായ ചിന്തകളുള്ളവരിൽ തീർച്ചയായും ധാരാളിത്തം എന്ന ദുരവസ്ഥ കടന്നുകൂടുകയില്ല. അമിതത്വം ദോഷമാണ്. അമിതമായി ആഹാരം കഴിക്കുന്നതുപോലും നിയമരഹിതമാണ്. എല്ലാവർക്കും സമത്വം വേണമെന്ന് ആഗ്രഹിക്കുമ്പോൾ ചില ആളുകൾ സ്വാർത്ഥരാകും. ദൈവത്തിനു കീഴ്പ്പെടുന്നവർ നിസ്വാർത്ഥരായി തീരും. അവർ മറ്റുള്ളവരെ കുറിച്ചു കരുതുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യും. ദാന ധർമ്മങ്ങൾക്ക് മുൻതൂക്കം കൊടുത്തുള്ള ജീവിത ശൈലിയിലേക്ക് നാം മാറണം. നമ്മുടെ സമൂഹത്തിലെ അവഗണിക്കപ്പെട്ട ആളുകളെ കണ്ടെത്തി അവരെ സഹായിക്കുവാൻ മുന്നിട്ടിറങ്ങുക. അപ്പോഴാണ് നമ്മുടെ ജീവിതം അർത്ഥവത്താകുന്നത്.

തിരിച്ചറിവിലെത്തിയ ഓരോരുത്തരും ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും അധർമ്മങ്ങളെ ഒഴിവാക്കുകയും, ദൈവനിയമങ്ങൾ അനുസരിച്ച് ജീവിക്കുവാൻ തീരുമാനിക്കുകയും ചെയ്യുക. ക്രിസ്തു ദൈവപുത്രനാണെന്ന് ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്യുക. അപ്പോഴാണ് കർത്താവ് നിങ്ങളെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കുന്നത്. പിന്നീട് നിങ്ങൾ മരണത്തോളം ക്രിസ്തുവിനെ സേവിച്ച് ആരാധിച്ച് ജീവിക്കുക. ഏതു രോഗത്തിനും പ്രശ്നത്തിനും കർത്താവ് മതിയായവനാണ് എന്നു ഉറപ്പിക്കുക. അതാണ് എല്ലാവരിലും വേണ്ടത്.

# ബൈബിൾ പഠനം

## *J.C.* ചോട്ട്

സ്ത്രീക്കും പുരുഷനും ഒരുപോലെ ബാധകമാണ് ബൈബിൾ പഠനം. അത് ദൈവത്തെ ആരാധിക്കുന്നതിന്റെ ഭാഗവുമാണ്. വചന പരിജ്ഞാനം എല്ലാവർക്കും അനിവാര്യമാണ്. പക്ഷെ ഇന്നു അധികം ആളുകളും അതിന്റെ പ്രാധാന്യം മനസിലാക്കിയിട്ടില്ല. തിരുവെഴുത്തിൽ അത് കൽപനയായും ആദ്യക്രിസ്ത്യാനികൾ അനുവർത്തിച്ചിരുന്ന മാതൃകയായും നമുക്ക് കാണാവുന്നതാണ്. ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരാൾ അവന്റെ ശിഷ്യനാണ്. ശിഷ്യൻ എന്ന വാക്കിന്റെ അർത്ഥം പഠിക്കുന്നവൻ എന്നാണ്. കർത്താവിനെ ആരാധിക്കുവാൻ കൂടിവരുമ്പോൾ ബൈബിൾ പഠനം നടത്തണം. വ്യക്തിപരമായ പഠനത്തിനു പുറമെയാണ് വചനം കൂട്ടായി പഠിക്കേണ്ടത്. വായന പ്രബോധനം വചനം കേൾവി എന്നിവ വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. കാരണം നമ്മുടെ ജീവിതത്തിന് ദൈവനിയന്ത്രണം ആവശ്യമാണ്.

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ക്രിസ്ത്യാനികൾ കൂടിവരുമ്പോൾ ബൈബിൾ പഠിക്കുന്ന രീതി ആത്മീയവളർച്ചക്കു സഹായകരമാണ്. ദൈവത്തിന്റെ ന്യായപ്രമാണം രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ എന്ന് സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നു. വചനം നാം അങ്ങനെ തന്നെ ശ്രവിക്കുമ്പോൾ ദൈവ ശബ്ദമാണ് നാം കേൾക്കുന്നത്. ദൈവികമായ അറിവ് ലഭിക്കണമെന്ന ഉദ്ദേശത്തോടെ മുൻവിധികൂടാതെ നാം പഠിക്കണം. പഴയനിയമവും പുതിയനിയമവും ചേർന്നുള്ളതാണ് വേദപുസ്തകം. അതു ആർക്കു വേണ്ടി ഏതു കാലയളവിൽ നൽകിയിരിക്കുന്നു എന്നു നാം തിരിച്ചറിയണം. കൂടാതെ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ധാരാളം അനുഗ്രഹങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നത് തിരുവെഴുത്തുകളിലാണ്. അതു ലഭിക്കുവാൻ നാം എന്തു ചെയ്യണമെന്നറിയുവാൻ നമുക്ക് വചന പരിജ്ഞാനം വേണം. ഇന്നു മനുഷ്യർ അനുസരിക്കേണ്ട നിയമം പുതിയനിയമമാണ്. ഇപ്പോൾ ലഭ്യമായ അനുഗ്രഹങ്ങളെ കുറിച്ചും പുതിയനിയമം സ്പഷ്ടമായി നമ്മോടു സംസാരിക്കുന്നു.

നാം അത് അറിയാതെ പോകരുത്എന്ന് ദൈവത്തിന് നിർബ്ബന്ധ

മുണ്ട്. അതുകൊണ്ടാണ് ദൈവം അതെല്ലാം തന്റെ പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ധാരാളം മുന്നറിയിപ്പുകൾ ബൈബിളിൽ കാണാം. മുന്നറിയിപ്പുകളെല്ലാം നാം സൂക്ഷിക്കുന്നതിനാണ് നൽകിയിരിക്കുന്നത്. നാം റോഡിൽ കൂടെ യാത്ര ചെയ്യുമ്പോൾ ധാരാളം മുന്നറിയിപ്പുകൾ കാണും. അവ എല്ലാം നമ്മുടെ പ്രയോജനത്തിനായി നൽകിയിരിക്കുന്നതാണ്. അനവധി അപകടങ്ങൾ സംഭവിക്കുവാനുള്ള ഒരു കാരണം അശ്രദ്ധയാണ്. മുന്നറിയിപ്പുകളെ അവഗണിക്കും. ആത്മിയമായി നാം അപകടത്തിൽ ചാടരുത്. മറ്റുള്ളവർ നമ്മെ ആത്മിയമായി വഞ്ചിക്കുകയോ ചതിക്കുകയോ ചെയ്യാതെ നോക്കണം. കൂടാതെ ലക്ഷ്യത്തിലെത്തുവാൻ ശരിയായ വഴി കണ്ടെത്തി അതിൽകൂടെ വേണം നടക്കുവാൻ. അല്ലെങ്കിൽ പിന്നീട് നാം ദുഃഖിക്കേണ്ടിവരും. നന്മയും തിന്മയും സമ്മിശ്രമായി കിടക്കുന്ന ഈ ലോകത്തിൽ നാം അവ തമ്മിൽ വേർതിരിച്ച് മനസിലാക്കണം. അതിനു നമ്മെ തിരുവെഴുത്തു പഠനം സഹായിക്കും.

തിരുവെഴുത്തുകളെ നാം എപ്പോഴും പരിശോധിക്കണം. ദൈവവചനം ഒരു കണ്ണാടി പോലെയാണ് അതു നമ്മുടെ കുറവുകളും പോരായ്മകളും ചൂണ്ടി കാണിക്കും.ദിവസവും നാം നമ്മെ ശരിയാക്കേണ്ട ഉത്തരവാദിത്തം നമുക്ക് ഉണ്ട്. കേൾക്കുന്നതെന്തും വിശ്വസിക്കാതെ അതു ദൈവം അരുളിച്ചെയ്തതാണോ എന്നു നാം പരിശോധിക്കണം. ഒരുത്തൻ സംസാരിക്കുമ്പോൾ അതു ദൈവത്തിന്റെ അരുളപ്പാടുകളായിരിക്കുവാൻ ശ്രദ്ധിക്കണം. നിരവധി ദുരുപദേശങ്ങൾ ലോകത്തിൽ പ്രചാരത്തിലിരിക്കുന്നുണ്ട്. അതുകൊണ്ടാണ് വചനം നാം പഠിക്കണം എന്നു പറയുന്നത്. നാം ഭോഷ്ക്ക് വിശ്വസിച്ച് അനുസരിച്ചാൽ സത്യത്തിന്റെ ഫലം ലഭിക്കുകയില്ല എന്നു മാത്രമല്ല, ശിക്ഷാവിധിയും ലഭിക്കും എന്നോർക്കുക. നാം പറയുന്നതും ചെയ്യുന്നതുമെല്ലാം ദൈവേഷ്ടപ്രകാരമാണോ എന്നു പരിശോധിക്കണം. കാരണം ദൈവമാണ് നമ്മെ രക്ഷിക്കുന്നതും ശിക്ഷിക്കുന്നതും. ദൈവനിയമങ്ങളെ നാം ഒരിക്കലും ലംഘിക്കുവാൻ പാടില്ല. നമ്മുടെ രക്ഷക്ക് നാം മനുഷ്യരുടെ കൽപനകളല്ല, ദൈവവചനമാണ് അനുസരിക്കേണ്ടത്. പാരമ്പര്യമോ സാമുദായിക ചടങ്ങുകളോ നമ്മെ രക്ഷിക്കുകയില്ല എന്ന് ദൈവം പറയുന്നു.

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാളും

അവന്റെ ഇഷ്ടം എന്തെന്നു മനസിലാക്കും. അതിനാണ് ബൈബിൾ പഠനം വെച്ചിരിക്കുന്നത്. അപ്പൊസ്തലനായിരുന്ന പൗലൊസ് യുവാവായിരുന്ന തിമൊഥെയൊസിനെ പ്രബോധിപ്പിച്ച് എഴുതിയിരിക്കുന്നു, "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നിൽപാൻ ശ്രമിക്ക"(2 തിമൊഥെയൊസ് 2:15). ദൈവവചനം കൈകാര്യം ചെയ്യുന്നവർ വളരെ ശ്രദ്ധയോടെ വേണം അതു ചെയ്യുവാൻ. അല്ലെങ്കിൽ അതു വളരെയധികം ദോഷം ചെയ്യും. നീതിക്കു വേണ്ടി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ എന്നാണ് കർത്താവ് പറഞ്ഞതു(മത്തായി 5:6). ദൈവവചനത്തിലാണ് നിത്യജീവൻ ഉള്ളത്. ഭൗതികമായ കാഴ്ച്ചപ്പാടിൽ ജീവിതം നയിക്കുന്നവർ യേശുക്രിസ്തുവിന്റെ പ്രസ്താവന ശ്രദ്ധിക്കണം. മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കും(മത്തായി 4:4).

വചനം നാം പഠിക്കണം എന്നു പറഞ്ഞിരിക്കുമ്പോൾ, പഠിക്കുന്നത് ശരിയായ ഉപദേശമായിരിക്കണം എന്നുകൂടെ ഓർക്കണം. ദൈവം ഇന്നു മനുഷ്യരോട് ദർശനത്തിൽ കൂടെയോ സ്വപ്നത്തിൽ കൂടെയോ അല്ല സംസാരിക്കുന്നത്, മറിച്ച് തന്റെ പുത്രൻ മുഖാന്തരമാണ്(എബ്രായർ 1:1, 2). അവനാണ് മതപരമായ എല്ലാ അധികാരവുമുള്ളത്, അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവരുടേയും രക്ഷകനായി തീർന്നതിനാൽ നാം നോക്കേണ്ടതു അവനെയാണ്. മറുരൂപമലയിൽ വെച്ച് യേശുവിനു രൂപാന്തരമുണ്ടാകയും പിതാവായ ദൈവം അവനെ കുറിച്ച് സംസാരിക്കുകയും ചെയ്തു. ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. നിങ്ങൾ ഇവന്നു ചെവി കൊടുപ്പിൻ(മത്തായി 17:5). ഓരോരുത്തരേയും ദൈവം ഇന്നു കാത്തു പരിപാലിക്കുന്നത് അവന്റെ കൃപയുടെ വചനത്താലാണ്. അപ്പൊസ്തലനായ പൗലൊസ് എഫെസൊസിലുള്ള ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ച് പ്രോൽസാഹിപ്പിക്കുന്നത് അപ്രകാരമായിരുന്നു(പ്രവൃത്തികൾ 20:31, 32). കാരണം വിപരിതോപദേശം സംസാരിക്കുന്നവർ നിങ്ങളുടേയിടയിൽനിന്നുതന്നെ എഴുന്നേൽക്കും.

എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാകയാൽ മനുഷ്യരെ തികവുള്ളവരാക്കി മാറ്റുവാൻ പര്യാപ്തമാണ്. വചനം മാത്രം പോരാ

എന്നു പറയുന്നവരും പ്രചരിപ്പിക്കുന്നവരും ഓർക്കേണ്ടത് എന്തെന്നാൽ ദൈവം പറയുന്നതാണോ ഇവർ പറയുന്നതാണോ ശരി? തീർച്ചയായും ദൈവം പറയുന്നതാണ്. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെയും ദൈവം തന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുകയാണ്. നാം അത് കണ്ടെത്തണമെന്നു മാത്രം. ഇവിടെ അൽപം അവിടെ അൽപം എന്നിങ്ങനെയാണ് കിടക്കുന്നത്. അതുകൊണ്ടാണ് ദൈവവചനം പഠിക്കണം എന്നു പറയുന്നു. എപ്പോഴും വചനം പഠിക്കയും പഠിപ്പിക്കയും ചെയ്യണം. എങ്കിലേ നാം പരിജ്ഞാനപൂർത്തിയിലേക്കു കടക്കുകയുള്ളു. നിങ്ങളെ ദൈവവചനം പഠിപ്പിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ എന്നു നമ്മെ ഓർപ്പിച്ചിരിക്കുന്നു. ദൈവവചനം പഠിപ്പിച്ചവർ പഠിക്കുന്നവർക്ക് മാതൃകയായിരിക്കണം എന്നർത്ഥം(എബ്രായർ 13:7).

മനുഷ്യരുടെ വീണ്ടും ജനനത്തിനു ദൈവം വെച്ചിരിക്കുന്ന ഘടകമാണ് ദൈവവചനം. കെടുന്ന ബീജത്താലല്ല, കെടാത്തതും നിലനിൽക്കുന്നതും ജീവിപ്പിക്കുന്നതുമായ ദൈവവചനത്താൽ തന്നെ നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു എന്ന് അപ്പൊസ്തലനായ പത്രൊസ് പറഞ്ഞിരിക്കുന്നു(1 പത്രൊസ് 1:23). ദൈവം നമ്മെ ഇരുട്ടിലേക്ക് തള്ളിവിട്ടിരിക്കുകയല്ല, മറിച്ച് നിത്യമായ പ്രകാശത്തിലേക്കാണ് നയിക്കുന്നത് എന്നതിനാൽ നമുക്ക് സന്തോഷിക്കാം. പക്ഷെ ദൈവത്തിനെതിരായി പ്രവർത്തിക്കുന്ന പിശാചാണ് മനുഷ്യരെ അന്ധകാരത്തിലേക്ക് നയിക്കുന്നത്. പിശാച് ഇരുട്ടിന്റെ അധികാരിയാണ്.

ലോകത്തുള്ള സർവ്വ മനുഷ്യരേയും അന്ധകാരത്തിൽ നിന്നു മോചിപ്പിക്കുവാൻ യേശു മരണത്തോളം പ്രവർത്തിച്ചു. അതിന്റെ അനന്തരഫലം അനുഭവിക്കുവാൻ അവൻ പദ്ധതി ഒരുക്കിയിരിക്കുന്നു. ആ രക്ഷാമാർഗം ലഭിക്കുവാൻ എന്തു ചെയ്യണമെന്നു കർത്താവിന്റെ പുതിയനിയമം വെളിപ്പെടുത്തുന്നു. നാം ആ സത്യം അറിയാതിരുന്നാൽ നാം പിശാചിന്റെ അടിമത്വത്തിൽനിന്നു മോചനം നേടുകയില്ല(യോഹന്നാൻ 8:32). നാം സത്യത്തിലും വിശ്വാസത്തിലും വളരുവാൻ വചനം പഠിച്ചുകൊണ്ടേയിരിക്കണം. ഇല്ലെങ്കിൽ നാം വഞ്ചിക്കപ്പെടുകയും ചതിക്കപ്പെടുകയും ചെയ്യും. ദൈവവചനത്തെ കുറിച്ചുള്ള അറിവാണ് നമ്മെ വെളിച്ചവും ഉപ്പുമാക്കി മാറ്റുന്നത്. ഇരു

ട്ടിൽ വസിക്കുന്ന ലൗകിക മനുഷ്യന് ആത്മിക വെളച്ചം പകർന്നു കൊടുക്കുവാൻ നമുക്ക് ദൈവികമായ അറിവ് ആവശ്യമാണ്. അന്യോന്യമുള്ള പ്രബോധനം നമ്മുടെ ആത്മികവർദ്ധനവിനാണ് ദൈവം വെച്ചിരിക്കുന്നത്.

ദൈവികനിലവാരം നമ്മിൽ വളർത്തിയെടുക്കുന്നതാണ് തിരുവെഴുത്തുകളിലുള്ള അറിവ്. പരിജ്ഞാനമില്ലെങ്കിൽ ആളുകൾ നശിച്ചുപോകും. കാരണം നിയമം പാലിക്കാതെ വരുമ്പോൾ സമൂഹത്തിൽ അരാജകത്വമായിരിക്കും ഉണ്ടാവുക. അത് ഒഴിവാക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അതായത് നാം സ്വൈര്യമായി വസിക്കണം. ദൈവവചനത്തിനപ്പുറമായി സമാധാനം കൈവരിക്കുവാൻ ശ്രമിക്കുന്നവരാണ് അധികവും. അത് സാധ്യമല്ല എന്നു ദൈവം മുന്നറിയിച്ചിട്ടുണ്ട്(റോമർ 5:1, 2). യേശു പുതിയനിയമ കർത്താവാണ്. അവന്റെ നിയമം രക്തത്താൽ സ്ഥാപിച്ചതാണ്. ദൈവസന്നിധിയിൽ സ്വീകാര്യമായ ജീവിതം നയിക്കുവാൻ ഇന്ന് കർത്താവിന്റെ നിയമമാണ് നാം അനുസരിക്കേണ്ടത്. പഴയനിയമവും പുതിയനിയമവും നാം തരം തിരിച്ചു പഠിക്കയും പുതിയനിയമത്തെ നിയമമായി കൈക്കൊള്ളുകയും ചെയ്യണം.

പഴയനിയമം നമ്മുടെ ബുദ്ധിയുപദേശത്തിനുള്ളതാണെന്ന് നാം മനസിലാക്കണം. ദൈവത്തിന്റെ സകല അനുഗ്രഹങ്ങളും ലഭിക്കുവാൻ നാം ചെയ്യേണ്ടതെല്ലാം പുതിയനിയമത്തിൽ അരുളിച്ചെയ്തിരിക്കുന്നു. അതായത് ദൈവത്തിലുള്ള ആശ്രയം, ക്രിസ്തുവിലുള്ള വിശ്വാസം നമ്മെ അവന്റെ വചനത്തോട് ബന്ധപ്പെടുവാൻ പ്രേരിപ്പിക്കുന്നു. ദൈവവചനം കൂടാതെ ദൈവത്തെ അറിയുവാനോ അവനോട് ബന്ധപ്പെടുവാനോ സാധ്യമല്ല. ജീവനുള്ള ദൈവവുമായി ബന്ധപ്പെടുവാൻ നിങ്ങൾ അവന്റെ ജീവനുള്ള വചനവുമായി ബന്ധപ്പെടണം. ഇതുവരെയും നിങ്ങൾ ദൈവവചനപ്രകാരം ജീവിക്കുവാൻ തീരുമാനം എടുത്തിട്ടില്ലെങ്കിൽ ഇന്നു തന്നെ തീരുമാനം എടുക്കുക. കാരണം നാളെ എന്നത് നമുക്ക് ഉള്ളതല്ല. നമ്മുടെ ആയുസ് ദൈവത്തിലാണ് സ്ഥിതി ചെയ്യുന്നത്. മരിക്കുന്നതിനു മുൻപ് ദൈവേഷ്ടം പ്രമാണിക്കുക. ഇല്ലെങ്കിൽ പിന്നെ സാധ്യമല്ല.

# വിശ്വാസത്തിനുള്ള വലിയ കാരണങ്ങൾ

## ക്ലെം തർമാൻ

"അവന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനം ഏറ്റു. അന്നു മൂവായിരത്തോളം പേർ അവരോട് ചേർന്നു."(പ്രവൃത്തികൾ 2:41). സുവിശേഷം കേട്ടവരിൽനിന്നും എന്തു വലിയ പ്രതികരണമാണുണ്ടായത്! മൂന്നാഴ്ച്ച മുൻപായിരുന്നു യേശുവിനെ ക്രൂശിൽ തറെച്ചത്. ക്രൂശിനു മുൻപ് അവന്റെ ജീവിതത്തിലെ അവസാന ആഴ്ച്ചയിലെ സംഭവങ്ങളെ കുറിച്ചായിരുന്നു യെരുശലേമിലെ സംസാരം അത്രയും എന്ന കാര്യത്തിൽ സംശയമില്ല. അവൻ യെഹൂദന്മാരെ റോമൻ ഭരണത്തിൽ നിന്നു വിടുവിച്ചു ഭൗതികമായ ഒരു ഭരണം യെരുശലേമിൽ നടത്തും എന്നു ചിലർ വിശ്വസിച്ചിരുന്നു.

വേറെ ചിലർ വിചാരിച്ചത് അവൻ ദൈവദൂഷണം പറയുന്ന കള്ളപ്രവാചകൻ ആയിരുന്നു എന്നാണ്. എന്നാൽ നിഷ്പ്പക്ഷമായി ചിന്തിച്ചത് വളരെ കുറച്ചു പേർ മാത്രം. പക്ഷെ പന്ത്രണ്ടു മണിക്കൂറിനുള്ളിൽ തന്റെ ശിഷ്യൻ അവനെ ഒറ്റിക്കൊടുക്കുകയും മറ്റ് അപ്പൊസ്തലന്മാരെല്ലാം ചിതറിപ്പോകുകയും, അവനെ പിടിച്ച് യെഹൂദ ന്യായാധിപസഭയാൽ വിചാരണ കഴിക്കയും ക്രൂശിക്കേണ്ടതിനു റോമാക്കാരെ ഏൽപിക്കയും ചെയ്തു.

അടുത്ത ഏഴ് ആഴ്ച്ചയോളം അപ്പൊസ്തലന്മാർ പ്രസംഗിക്കാതെ നിശബ്ദരായിരുന്നിരിക്കാം. അങ്ങനെ പെന്തെകൊസ്തു നാൾ വന്നു. അപ്പൊസ്തലന്മാർ ഒരുമിച്ചു കൂടിയിരുന്നു. യെഹൂദ പെരുന്നാൾ ആഘോഷിക്കുവാൻ യെഹൂദന്മാരായവരെല്ലാം പല ദേശങ്ങളിൽനിന്നു വന്നുകൂടി. അപ്പൊസ്തലന്മാർ അവിടെ കാത്തിരുന്നത് പരിശുദ്ധാത്മാവിന്റെ ശക്തി ലഭിക്കേണ്ടതിനായിരുന്നു(പ്രവൃത്തികൾ 1:8). അപ്പോൾ വാഗ്ദാനം നിറവേറി. "പെന്തെകൊസ്തു നാൾ വന്നപ്പോൾ അവരെല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു"(പ്രവൃത്തികൾ 2:1). നാം ഈ ലേഖനത്തിന്റെ ആരംഭത്തിൽ തുടങ്ങിയ വാക്യത്തോടെ ആ ദിവസത്തെ സംഭവങ്ങൾ ഒരു വിധത്തിൽ അവസാനിച്ചു എന്നു പറയാം. എന്താണ് ആ ദിവസം സംഭവിച്ചത്?

ഒരു ദിവസം തന്നെ എന്തുകൊണ്ട് 3000 പേർ ക്രിസ്ത്യാനികളായി? വിശ്വസിപ്പാനുള്ള വലിയ കാരണങ്ങൾ അന്നു അപ്പൊസ്തലന്മാർ നൽകി. നസറേത്തുകാരനായ യേശു ധാരാളം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തിരുന്നു. ഒരു മനുഷ്യനും ചെയ്യുവാൻ കഴിയാത്തതും ആർക്കും നിഷേധിക്കുവാൻ കഴിയാത്തതുമായ അത്ഭുതങ്ങളായിരുന്നു അവൻ ചെയ്തതു. അതേ സമയത്ത് മനുഷ്യർക്ക് അതു ഗുണകരവുമായിരുന്നു.

പത്രൊസിന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ പത്രൊസ് യേശുവിനെ കുറിച്ചു പറഞ്ഞതു ശ്രദ്ധിക്കുക, "യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടുകൊൾവിൻ, നിങ്ങൾ തന്നെ അറിയുംപോലെ ദൈവം അവനെക്കൊണ്ട് നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് ദൈവം നിങ്ങൾക്ക് കാണിച്ചുതന്ന പുരുഷനായി നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏൽപിച്ചിട്ട് നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറെപ്പിച്ചു കൊന്നു. ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ട് അവനെ ഉയിർത്തെഴുന്നേൽപിച്ചു. മരണം അവനെ പിടിച്ചുവെക്കുന്നത് അസാധ്യമായിരുന്നു"(പ്രവൃത്തികൾ 2:22-24). യേശു തന്റെ കാലയളവിൽ ചെയ്തതൊന്നും രഹസ്യമായിരുന്നില്ല. അവയൊന്നും ലോകത്തിന്റെ ഒരു കോണിൽ സംഭവിച്ചതായിരുന്നില്ല. യേശുവിന്റെ ഉപദേശങ്ങളും അത്ഭുതങ്ങളും പാലസ്തീനിലെ ജനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല. അവന്റെ ശ്രുതി എല്ലാ ദേശത്തേക്കും വ്യാപിച്ചിരുന്നു.

അവൻ ക്രിസ്തു തന്നെയോ എന്നറിയുവാൻ യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാരെ അവന്റെ അടുക്കൽ അയച്ചപ്പോൾ അവൻ പറഞ്ഞു, "കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു എന്നിങ്ങനെ നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നത് യോഹന്നാനെ ചെന്ന് അറിയിപ്പിൻ"(മത്തായി 11:4, 5). തന്റെ അമ്മായിയമ്മയെ അവൻ സുഖപ്പെടുത്തിയതും, നാനാ വ്യാധിക്കാരും രോഗികളും അവന്റെ അടുക്കൽ കൊണ്ടുവന്നതും അവർക്കു സൗഖ്യമായതും പത്രൊസിനു പറയാമായിരുന്നു. മരിച്ചു നാല് ദിവസം കഴിഞ്ഞ ലാസറിനെ ഉയർപ്പിച്ച കാര്യവും എടുത്തു

പറയാമായിരുന്നു. അവൻ കടലിനെ ശാന്തമാക്കിയപ്പോഴും അപ്പൊസ്തലന്മാർ അതു കണ്ടതാണ്. അവന്റെ സകല പ്രവൃത്തികൾക്കും അവർ സാക്ഷികളായിരുന്നു. യേശു ലാസറിനെ ഉയർപ്പിച്ചത് യെരുശലേമിനു പുറത്തുവെച്ചായിരുന്നു. നിങ്ങൾ ആരെങ്കിലും അന്നു അവിടെയുണ്ടായിരുന്നോ എന്നു പത്രൊസിനു ചോദിക്കാമായിരുന്നു. എങ്ങനെയായാലും, എന്തിനായിരുന്നു അവൻ അത്ഭുതങ്ങൾ ചെയ്തതു? അതിനുള്ള ഒരു ഭാഗം ഉത്തരം യോഹന്നാൻ 3:2 ൽ കാണാം.

യെഹൂദ പ്രമാണിയായിരുന്ന നിക്കൊദേമോസ് യേശുവിനെ കുറിച്ചു പറയുന്നത് കേൾക്കുക, "റബ്ബീ നീ ദൈവത്തിന്റെ അടുക്കൽനിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു. ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങൾ ചെയ്യുവാൻ ആർക്കും കഴിയുകയില്ല എന്നു പറഞ്ഞു" യേശു പ്രദർശിപ്പിച്ചതായ ശക്തി അന്നോ പിന്നീടോ ആർക്കും നിഷേധിക്കുവാൻ കഴിഞ്ഞിരുന്നില്ല. ശബ്ബത്തിൽ രോഗിയെ യേശു സൗഖ്യമാക്കിയപ്പോൾ, അത് ശബ്ബത്തിൽ ചെയ്തതിനെ ചോദ്യം ചെയ്തതല്ലാതെ അവൻ ചെയ്ത അത്ഭുതത്തെ നിഷേധിക്കുവാൻ ആർക്കും കഴിഞ്ഞില്ല. യേശു ഒരിക്കൽ യെഹൂദന്മാരോട് പറഞ്ഞു, "ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ട, ചെയ്യുന്നു എങ്കിൽ എന്നെ വിശ്വസിക്കാതിരുന്നാലും, പിതാവ് എന്നിലും ഞാൻ പിതാവിലും എന്നു ഗ്രഹിച്ചറിയേണ്ടതിന്നു പ്രവൃത്തിയെ വിശ്വസിപ്പിൻ."(യോഹന്നാൻ 10:37-39).

യേശു ചെയ്ത അത്ഭുതങ്ങളുടെ അടിസ്ഥാനപരമായ ഉദ്ദേശം യോഹന്നാൻ വ്യക്തമാക്കുന്നു:"ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു"(യോഹന്നാൻ 20:30, 31). അനേകം പ്രവചനങ്ങൾ ക്രിസ്തുവിൽ നിറവേറുകയുണ്ടായി. യെഹൂദന്മാർ വളരെക്കാലമായി മശിഹയെ കാത്തിരിക്കുകയായിരുന്നു. അതുകൊണ്ട് പ്രവചനം എടുത്തുകൊണ്ട് യേശു ക്രിസ്തു ആണെന്ന് പത്രൊസ് സ്ഥിരീകരിക്കു

കയായിരുന്നു. യോവേലിന്റെ പ്രവചനം ഉദ്ധരിച്ചുകൊണ്ട്, അവൻ രക്ഷാസന്ദേശം അറിയിക്കേണ്ട ദിവസം ഇതാണ് എന്നു പറഞ്ഞു. യോവേൽ പ്രവചിച്ച ആ അന്ത്യകാലം ഇതാണ്, ആ പ്രവചനമാണ് ഇപ്പോൾ നിറവേറുന്നത് എന്ന് പത്രൊസ് തെളിയിച്ചുകൊടുത്തു. നിങ്ങൾ ആ പ്രവചനത്തിൽ വിശ്വസിക്കുന്നുവെങ്കിൽ ആ പ്രവചനത്തിൽ പറഞ്ഞവൻ തന്നെയാണ് ഇവൻ എന്നു അവൻ അർത്ഥശങ്കക്കിടയില്ലാത്ത വിധത്തിൽ സമർത്ഥിച്ചു.

യേശുവിനെ കുറിച്ചു മുന്നറിയിച്ച പ്രവചനങ്ങളെല്ലാം വേണമെങ്കിൽ പത്രൊസിനു ഉദ്ധരിക്കാമായിരുന്നു. പക്ഷെ പരിശുദ്ധാത്മാവ് അരുളിച്ചെയ്യുവാൻ കൊടുത്തതു മാത്രം അവൻ ബോധ്യമാക്കി. ക്രിസ്തു ബേത്‌ലഹേമിൽ ജനിക്കുമെന്ന് കൃത്യമായി മീഖാ പ്രവാചകൻ പ്രവചിച്ചിരുന്നു(മീഖാ 5:2). യെഹൂദന്മാർക്ക് അത് അറിയാമായിരുന്നു(മത്തായി 2:1-6). അവൻ ദാവീദിന്റെ സന്തതിയായി ജനിക്കുമെന്നും അരുളിച്ചെയ്തിരുന്നു(സങ്കീർത്തനങ്ങൾ 89:2, 3; ലൂക്കൊസ് 2:4). അവൻ രാജാവായി തീരുമെന്നു മുന്നറിയിച്ചിരുന്നു(സങ്കീർത്തനങ്ങൾ 89:4; യോഹന്നാൻ 18:37). അവന്റെ ജീവിതരീതി എങ്ങനെയായിരിക്കുമെന്നും മുന്നറിയിച്ചിരുന്നു(യെശയ്യാവ് 53:3, 4).

അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും, ത്യജിക്കപ്പെട്ടും, വ്യസനപാത്രമായും, രോഗം ശീലിച്ചവനായും ഇരുന്നു. അവനെ കാണുന്നവർ മുഖം മറെച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ ദൈവം അവനെ ശിക്ഷിച്ചും, അടിച്ചും, ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. അവനെ ഒറ്റിക്കൊടുക്കുമെന്നും അതിന്റെ വിലയും മുന്നറിയിച്ചിരുന്നു. “ഞാൻ അവരോട്, നിങ്ങൾക്ക് മനസുണ്ടെങ്കിൽ എന്റെ കൂലി തരുവിൻ.ഇല്ലെന്നു വരികിൽ വേണ്ട എന്നു പറഞ്ഞു. അങ്ങനെ അവർ എന്റെ കൂലിയായി മുപ്പതു വെള്ളിക്കാശ് തൂക്കിതന്നു. എന്നാൽ യഹോവ എന്നോട് അതു ഭണ്ഡാരത്തിൽ ഇട്ടുകളക. അവർ എന്നെ മതിച്ചിരിക്കുന്ന വില തന്നെ എന്നു കൽപിച്ചു. അങ്ങനെ ഞാൻ ആ മുപ്പതു വെള്ളിക്കാശ് വാങ്ങി യഹോവയുടെ ആലയത്തിൽ ഭണ്ഡാരത്തിൽ ഇട്ടുകളഞ്ഞു”(സെഖ.11:12, 13).

മശിഹ വരുമ്പോൾ തങ്ങൾക്ക് റോമാക്കാരിൽനിന്നു ഒരു വിടുതൽ ലഭിക്കുമെന്ന് മാത്രമല്ല യെഹൂദന്മാർ വിചാരിച്ചത്, ലോകത്തെ മുഴുവൻ ഭരിക്കുവാനുള്ള അവസരവും ലഭിക്കുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. കാരണം ദൈവം ഒരുനാളും നശിച്ചുപോകാത്തതും നിലനിൽക്കുന്നതുമായ ഒരു രാജ്യം സ്ഥാപിക്കും എന്ന വാഗ്ദാനം അവർ വായിച്ചിരുന്നു(ദാനിയേൽ 2:44). "രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോട് സദൃശ്യനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു. അവൻ വയോധികന്റെ അടുക്കൽ ചെന്നു. അവർ അവനെ അവന്റെ മുമ്പിൽ അടുക്കൽ അടുത്തുവരുമാറാക്കി. സകല വംശങ്ങളും, ജാതികളും, ഭാഷക്കാരും അവനെ സേവിക്കേണ്ടതിന്നു അവന്നു ആധിപത്യവും, മഹത്വവും, രാജത്വവും ലഭിച്ചു. അവന്റെ ആധിപത്യം നീങ്ങിപോകാത്ത നിത്യാധിപത്യവും രാജ്യത്വം നിത്യ രാജത്വവുമായിരിക്കും"(ദാനിയേൽ 7:13, 14).

ദാവീദിനെ എടുത്തുകാണിച്ച് പത്രൊസ് പറഞ്ഞത് അവൻ മരിച്ചു അടക്കപ്പെട്ടു. എന്നാൽ യേശുക്രിസ്തു മരിച്ചു അടക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അതിനു അപ്പോഴുണ്ടായിരുന്ന അപ്പൊസ്തലന്മാരെല്ലാവരും സാക്ഷികളായിരുന്നു എന്നും അവൻ പറഞ്ഞു. അതൊന്നും ആർക്കും നിഷേധിക്കുവാൻ കഴിഞ്ഞില്ല. കാരണം അതു മിക്കവാറും എല്ലാവർക്കും അറിയാവുന്ന വസ്തുതയായിരുന്നു. ഉയിർത്തെഴുന്നേറ്റ യേശു നാൽപതു നാൾ അഞ്ഞൂറിലധികം പേർക്ക് പ്രത്യക്ഷനായിരുന്നു. മരിച്ചവരിൽ നിന്നു സ്വയം ഉയിർത്തെഴുന്നേറ്റു വന്ന യേശു ലോകത്തിന് ഒരു ഉറപ്പാണ് നൽകിയത്; മരിച്ചവർക്ക് ഒരു പുനരുത്ഥാനമുണ്ട്. മനുഷ്യരുടെ വിശ്വാസം ഉറപ്പാക്കുവാൻ ചെയ്യാവുന്ന എല്ലാ തെളിവുകളും ദൈവം നൽകിയിട്ടുണ്ട്. യേശു മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുമെന്ന് അവൻ ജീവനോടെ ഇരുന്നപ്പോൾ പ്രഖ്യാപിച്ചിരുന്നു. ആ വാഗ്ദാനം നിറവേറി. പത്രൊസിന്റെ സന്ദേശം വ്യക്തമാക്കിയതെന്തെന്നാൽ, യേശു വാക്കു പാലിക്കുന്നവനാകയാൽ നിങ്ങൾക്ക് അവനിൽ വിശ്വസിക്കാമെന്നാണ്. ദൈവത്തിലും അവൻ അയച്ച പുത്രനിലും വിശ്വസിച്ചവരായിരുന്നു രക്ഷാമാർഗം സ്വീകരിച്ചത്.

# വിശ്വാസം മാത്രമോ?

## ജെറി ബേറ്റ്സ്

വിശ്വാസത്തെ എല്ലാവരും അംഗീകരിക്കുന്നുണ്ട്. എല്ലാ മതവിഭാഗങ്ങളും വിശ്വാസം സ്വീകരിക്കുന്നുമുണ്ട്. പല രീതിയിലാണ് ആളുകൾ വിശ്വാസത്തെ കാണുന്നത്. ഒരിക്കൽ മനസിൽ തോന്നുന്ന വികാരമല്ല വിശ്വാസം. അതു പ്രായോഗികമാണ്. വിശ്വാസം മാത്രം മതി എന്ന അഭിപ്രായക്കാർ ധാരാളമുണ്ട്. കാരണം അതിനു വലിയ പ്രയാസമില്ല. എനിക്ക് എന്റെ വിശ്വാസം നിങ്ങൾക്ക് നിങ്ങളുടെ വിശ്വാസം എന്നു പറഞ്ഞു രക്ഷപ്പെടുവാൻ ശ്രമിക്കുന്നവരെയും കാണാം. അവരെല്ലാം യഥാർത്ഥ വിശ്വാസത്തിലേക്കു വരുന്നില്ല എന്നതാണ് വേദകരമായ വസ്തുത. വാസ്തവത്തിലുള്ള വിശ്വാസം എന്തെന്ന് തിരുവെഴുത്തു ബോധ്യപ്പെടുത്തുന്നുണ്ട്. ബൈബിളിലെ സുവർണ്ണവാക്യമായി കരുതുന്ന വേദഭാഗം നമുക്ക് ആദ്യമായി എടുക്കാം. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുവാൻ തക്കവണ്ണം അവൻ ലോകത്തെ സ്നേഹിച്ചു(യോഹന്നാൻ 3:16).

ചില വാക്യങ്ങളിൽ വിശ്വാസത്തെ മാത്രം പറയുന്നതുകൊണ്ട് പലരും പെട്ടെന്നു വിശ്വാസം മതി എന്ന തീർപ്പിലെത്തും. ഒരു ഭാഗത്ത് ഒരുകൂട്ടം ആളുകൾ വിശ്വസിച്ചിട്ട് ഒന്നും ചെയ്യാതിരിക്കുകയും മറ്റുള്ളവർ വിശ്വസിച്ച് അനുസരിക്കുകയും ചെയ്യുന്നു. പ്രകടമായ വ്യത്യാസം രണ്ടിലും നമുക്ക് കാണാം. ദൈവത്തിൽ വിശ്വസിക്കുന്നു എന്നു പറയുന്നവർ അതു തെളിയിക്കണം. അനുസരിക്കുന്നവർ പ്രത്യേകിച്ച് തെളിയിക്കേണ്ടതായി വരുന്നില്ല. പ്രവർത്തിക്കുവാൻ മടിക്കുന്നവരാണ് വിശ്വാസം മതി എന്ന അഭിപ്രായത്തിലെത്തുന്നത്. യേശു ലോകരക്ഷിതാവായി തീർന്നത് അദ്ധ്വാനിച്ചുകൊണ്ടാണ്. നിർജീവമായ വിശ്വാസം ആ വ്യക്തിക്കു പ്രയോജനം ചെയ്യുകയില്ല. നാം അന്തരീക്ഷത്തിൽ മുഷ്ടിയുദ്ധം ചെയ്യുന്നതുകൊണ്ട് ആർക്കും പ്രയോജനം ചെയ്യുകയില്ല. വിശ്വാസം പ്രാവർത്തികമാക്കുന്നില്ലെങ്കിൽ അതിനു ലക്ഷ്യം കൈവരിക്കുവാൻ സാധ്യമല്ല എന്നു തിരിച്ചറിയുക. ബൈബിളിൽ ഉടനീളം ധാരാളം ഉദാഹരണങ്ങൾ

കാണാം.

വിശ്വാസം കൂടാതെ നമുക്ക് ഒന്നും നേടുവാൻ സാധ്യമല്ല. വിശ്വാസം കൂടാതെ നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. വിശ്വസിക്കുന്ന സമയത്ത് ആരും രക്ഷിക്കപ്പെടുന്നില്ല. ഒരു വിദ്യാർത്ഥി തന്റെ കോളേജ് പ്രവേശനത്തിനു വേണ്ടി അപേക്ഷ സമർപ്പിച്ചു എന്നുള്ളതു കൊണ്ടുമാത്രം പ്രവേശനം ലഭിക്കണമെന്നില്ല. തുടർനടപടി ക്രമങ്ങളെല്ലാം പൂർത്തിയാക്കണം. എങ്കിൽ മാത്രമെ പ്രവേശനം ഉറപ്പാകുന്നുള്ളു. ഈ വസ്തുത സാമാന്യം എല്ലാവർക്കും അറിയാം. പക്ഷെ ആത്മിയകാര്യങ്ങളിലേക്ക് വരുമ്പോൾ പലരും ഒരു ഭാഗത്തെ മാത്രം എടുത്ത് അതു മതി എന്നു പറയും. പക്ഷെ അനുഗ്രഹങ്ങളിലേക്ക് കടക്കുമ്പോൾ ആളുകൾ അങ്ങനെ പറയുന്നുമില്ല.

ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ വെള്ളത്താലും ആത്മാവിനാലും ജനിക്കണം എന്നു കർത്താവ് പറഞ്ഞിരിക്കുന്നു. അതായത് പുതുതായി ജനിക്കണം. ആത്മിയമായ ജനനം ദൈവം വെച്ചിരിക്കുന്ന നിബന്ധനയാണ്. അതിൽനിന്നു ഒഴിഞ്ഞു മാറുവാൻ ആർക്കും കഴിയുകയില്ല(യോഹന്നാൻ 3:3-5). ആ ജീവന്റെ പുതുക്കത്തിന് നാം ക്രിസ്തുവിന്റെ മരണത്തോടും അടക്കത്തോടും പങ്കാളികളാകണം. അതിനുവേണ്ടി കൽപിച്ചിരിക്കുന്നതാണ് സ്നാനം. ദൈവത്തിന്റെ കൽപനകളെല്ലാം തുല്യ പ്രാധാന്യമുള്ളതാണ്. ഒന്നും നിസാരമായി മാറ്റി നിർത്താവുന്നതുമല്ല. പലരും ബൈബിളിലെ വാക്യങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്നതു നിമിത്തമാണ് കുഴപ്പങ്ങൾ സംഭവിക്കുന്നത്. ദൈവപുത്രനിൽ വിശ്വസിക്കുന്നവർ ആ പുത്രനെ അനുസരിക്കാതിരുന്നാൽ അവർക്കു ജീവൻ ലഭിക്കുകയില്ല(യോഹന്നാൻ 3:36). കൂടാതെ കർത്താവ് ചോദിച്ച ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്നത് ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്ത്?(ലൂക്കൊസ് 6:46). വാസ്തവത്തിലുള്ള വിശ്വാസം എന്നു പറയുന്നത്, ദൈവം പറയുന്നതെല്ലാം പ്രവർത്തിക്കുന്നതാണ്. വിശ്വാസം ഒരു ദൈവികമായ പ്രവർത്തിയാണ്. വിശ്വാസം നമ്മുടെ ജീവിതചര്യയായി തീരണം. അല്ലെങ്കിൽ അതു വെറും കാപട്യമായി കണക്കാക്കും.

★

# പൂർവ്വസ്ഥിതിയിലേക്കു വരുന്നതാണ് മാനസാന്തരം

**പി. ടിയേഴ്സ് ബ്രൗൺ**

സത്യവേദപുസ്തകത്തിൽ മാനസാന്തരം ഒരു സുപ്രധാന വിഷയമാണ്. മാനസാന്തരം ആവശ്യമാണെന്നു എല്ലാവരും സമ്മതിക്കും. പക്ഷെ വചനപ്രകാരമുള്ള മാനസാന്തരത്തിലേക്ക് വരുവാൻ പലർക്കും കഴിയുന്നില്ല എന്നതാണ് വസ്തുത. അതായത് ശരിയായ മാനസാന്തരം ജീവിതത്തിൽ കൊണ്ടുവരുന്നതിന് നാം ഓരോരുത്തരും ശ്രമിക്കണം. ഈ കൽപന മനസിലാക്കുന്ന ചിത്രീകരണങ്ങളും ഉദാഹരണങ്ങളും നമുക്ക് വരച്ച് കാണിച്ചു തന്നിട്ടുണ്ട്. നാം അതു മനസിലാക്കി പരിശീലിക്കണം. ദൈവവചനം എന്നു പറയുന്നത് പൂർണ്ണമായ സത്യം ഉൾക്കൊള്ളുന്നതാണ്. മാനസാന്തരത്തെ കുറിച്ച് പ്രസംഗിക്കുന്ന പല ഉപദേഷ്ടാക്കന്മാരുണ്ട്. പാപത്തെ ഉപേക്ഷിക്കണം എന്നു പൊതുവായി പ്രസംഗിക്കുന്നവർ അനവധിയാണ്. അതു തികച്ചും നല്ലതു തന്നെ. കുറച്ചുകൂടെ പ്രത്യേകമായി സൂചിപ്പിച്ചാൽ അതു സാധാരണക്കാർക്ക് കൂടുതൽ പ്രയോജനം ചെയ്യും. ഏതൊരു സമൂഹത്തിൽ ജീവിക്കുന്ന വ്യക്തിക്കും പ്രായോഗികമാക്കുവാൻ കഴിയുന്ന വിധത്തിലാണ് കർത്താവ് കൽപിച്ചിട്ടുള്ളതെല്ലാം.

ഒരാൾ മറ്റൊരാളുടെ ഒരു വസ്തു മോഷ്ടിച്ചു എന്നു വിചാരിക്കുക. മാനസാന്തരപ്പെടുമ്പോൾ അയാൾ അത് തിരിച്ചുകൊടുക്കേണ്ടതല്ലേ? അതോ അയാൾ പിന്നീട് മോഷ്ടിക്കാതിരുന്നാൽ മതിയോ? ഈ ചോദ്യങ്ങൾ പ്രസക്തമാണ്. അതുപോലെ തന്നെ പ്രാധാന്യമുള്ള മറ്റൊരു ചോദ്യമാണ്, ഒരാൾ അവിഹിതമായി ഒരു സ്ത്രീയുമായി ലൈംഗികബന്ധം പുലർത്തി ഒരു കുട്ടിയായ ശേഷം അയാൾ മാനസാന്തരപ്പെടുമ്പോൾ എന്തു ചെയ്യണം. ഭാര്യയും കുട്ടികളുമുള്ളയാളാകുമ്പോഴോ? അതിനെല്ലാം ഉത്തരം കാണുവാൻ നാം മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കുവാൻ തിരുവെഴുത്തിൽ പറഞ്ഞ തത്വം സ്വീകരിക്കണം. ആരെയെങ്കിലും ചതിച്ച് എന്തെങ്കിലും കൈവശമാക്കിയാൽ നാലിരട്ടി മടക്കിക്കൊടുക്കുവാൻ പഴയനിയമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

അപ്പൊസ്തലനായ പൗലൊസ് പറയുന്നത് കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം കൊടുക്കേണ്ടതിനു കൈകൊണ്ടു നല്ലതു പ്രവർത്തിക്കയത്രേ വേണ്ടത്(എഫെസ്യർ 4:28). അവിടെ തിരിച്ചുകൊടുക്കുവാൻ പറയുന്നില്ല. പക്ഷെ മറ്റൊരാൾക്ക് നഷ്ടം വരുത്തിയ വ്യക്തിക്ക് ധാർമ്മികമായ ഒരു കടപ്പാട് അതു നികത്തുവാനായിട്ടുണ്ട്. അതിൽനിന്നു ഒഴിഞ്ഞു മാറുന്നത് നീതിയല്ല. മാനസാന്തരത്തെ മനസിൽ മാറ്റമുണ്ടാകുന്നതാണ് എന്ന് ആളുകൾ ധരിക്കുന്നു. പക്ഷെ അതു മനസിൽ മാത്രം ഒതുങ്ങുന്നതല്ല. നാം മനസിലാണ് തീരുമാനം എടുക്കുന്നത് എന്നു പറയുന്നതു ശരിയാണ്. പക്ഷെ തീരുമാനം എടുത്താൽ നാം അതു നടപ്പിൽ വരുത്തണമല്ലോ. നടപ്പിലാക്കാത്ത തീരുമാനം ഗുണകരമല്ല. ചെയ്തുകൂട്ടിയ തെറ്റുകളെ കുറിച്ചു ദുഃഖിക്കുന്നവർ അനവധിയാണ്. പക്ഷെ അത് മാനസാന്തരമായി കണക്കിടാവുന്നതല്ല.

അപ്പൊസ്തലനായ പൗലൊസ് ലേഖനങ്ങൾ എഴുതി കൊരിന്ത്യയിലുള്ള ക്രിസ്ത്യാനികളെ തിരുത്തുവാൻ ശ്രമിച്ചു. "ഞാൻ ലേഖനത്താൽ നിങ്ങളെ ദുഃഖിപ്പിച്ചു എന്നു വരികിലും, ഞാൻ അനുതപിക്കുന്നില്ല. ആ ലേഖനം നിങ്ങളെ കുറച്ചുനേരത്തേക്കെങ്കിലും ദുഃഖിപ്പിച്ചു എന്നു കാണുന്നതുകൊണ്ട് മുമ്പെ അനുതപിച്ചു എങ്കിലും ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു"(2 കൊരിന്ത്യർ 7:8-10). ആളുകൾ തങ്ങളുടെ പാപങ്ങളാൽ വരുത്തുന്ന നഷ്ടങ്ങളിൽ ചിലത് യഥാസ്ഥാനപ്പെടുത്തുവാൻ കഴിയാത്തവയാണ്. ഉദാഹരണമായി ഒരാൾ മറ്റൊരാളെ കൊന്നു. അയാൾക്ക് ആ നഷ്ടം നികത്തുവാൻ ഒരിക്കലും സാധ്യമല്ല. യെഹൂദന്മാർ യേശുക്രിസ്തുവിനെ ക്രൂശിൽ തറെക്കുവാൻ ഏല്പിച്ചുകൊടുത്തു. റോമാക്കാർ യേശുവിനെ ക്രൂശിച്ചു. അവർക്ക് ആർക്കും യേശുവിനെ തിരികെ നൽകുവാൻ കഴിയുകയില്ല. പക്ഷെ അവർക്കു മാനസാന്തരപ്പെടുവാൻ കഴിയും.

പത്രൊസിന്റെ പ്രസംഗത്തോട് പ്രതികരിച്ച യെഹൂദന്മാർ ചോദിച്ചു സഹോദരന്മാരായ പുരുഷന്മാരേ ഞങ്ങൾ എന്തു ചെയ്യേണ്ടു?. അതിനു പത്രൊസും ശേഷം അപ്പൊസ്തലന്മാരും അവരോട്, "നിങ്ങൾ ഓരോരുത്തൻ മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും"(പ്രവൃ

ത്തികൾ 2:38). മാനസാന്തരം ഇവിടെ നവീകരണജീവിതത്തിലേക്ക് നയിക്കുന്നതാണ്. ജീവിതത്തിൽ മാറ്റമില്ലെങ്കിൽ ജീവിതം അർത്ഥ ശൂന്യമാണ്. ദൈവത്തിൽ ആശ്രയിക്കാതെ സ്വന്തകഴിവിൽ ആശ്ര യിച്ചാൽ അതു സാധ്യമല്ല. അതായത് ഒരാളുടെ മനസും വിചാ രവും പ്രവൃത്തിപഥത്തിൽ കൊണ്ടുവരണം. മാറ്റം മനസിലും ജീവി തത്തിലും കാണണം. അങ്ങനെയുള്ള ജീവിതം ഫലപ്രദമായിരിക്കും. ഒരു വ്യക്തി സ്ത്രീ ആയാലും പുരുഷനായാലും മാറുവാൻ തീരു മാനമെടുക്കണം. അത് ദൈവികമായ ഉദ്ദേശത്തിനു വേണ്ടിയായിരി ക്കണം. ഒരു തുറന്ന സമീപനം എല്ലാവരിലും ഉണ്ടാകണം.

പഴയനിയമകാലത്ത് വഴിപാടും യാഗവും ജനങ്ങളിൽനിന്നു ദൈവം പ്രതീക്ഷിച്ചിരുന്നു. എന്നാൽ അതു സ്വീകരിക്കുവാൻ ദൈവം നിബന്ധന വെച്ചിരിക്കുന്നു. നീ വഴിപാടുമായി യാഗപീഠത്തിൻ മുൻപാകെ വരുന്നതിനു മുൻപ് നിന്റെ സഹോദരന് എന്തെങ്കിലും വിരോധം നിന്നോട് ഉണ്ടെന്ന് നിനക്ക് ഓർമ്മ വന്നാൽ നീ വഴിപാട് യാഗപീഠത്തിനു മുൻപാകെ വെച്ചിട്ട് ചെന്നു സഹോദരനോട് നിര ന്നുകൊൾക. പിന്നെ വന്നു നീ യാഗമോ വഴിപാടോ കഴിക്കുക. ഇതായിരുന്നു ദൈവത്തിന്റെ കൽപന. ഇതിനു വിരുദ്ധമായി ചെയ്യു ന്നത് ദൈവത്തിനു പ്രസാദകരമായിരുന്നില്ല. പഴയനിയമത്തിൽ ഒരാൾ മറ്റൊരാളുടെ കാളയെ മോഷ്ടിച്ചാൽ അതിനു പകരം തിരിച്ചുകൊ ടുപ്പാൻ പറഞ്ഞിരിക്കുന്നു. കടം വാങ്ങിയിട്ടു ചത്തുപോയാലും ആ നഷ്ടം നികത്തുവാൻ ദൈവം കൽപിച്ചിരുന്നു(പുറപ്പാട് 22:1, 14; ലേവ്യാപുസ്തകം 6:5). സക്കായി മാനസാന്തരപ്പെട്ടപ്പോൾ "എനിക്ക് ദുഃഖമുണ്ട് ക്ഷമിക്കണം" എന്നതു മാത്രമല്ല എന്നു മനസിലാക്കിയി രുന്നു. എന്തെങ്കിലും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാല് മടങ്ങു മടക്കി കൊടുക്കുന്നു. വാസ്തവത്തിലുള്ള മാനസാന്തരം തുടർന്നുള്ള പ്രവർത്തികളിൽ കാണാം.

പഴയനിയമത്തിലും പുതിയ നിയമത്തിലും മാനസാന്തരം അനി വാര്യമാണ്. കാരണം ആളുകൾ പാപം ചെയ്യുന്നു. അതിൽനിന്നു ഒരു മാറ്റം സ്വയം തീരുമാനിച്ചു നടപ്പാക്കണം. മാനസാന്തരപ്പെടാ ഞ്ഞാൽ നാം എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നു കർത്താവ് അരുളിച്ചെയ്തിരിക്കുന്നു.

✶

# മദ്യപാനം കുറച്ചായാലും അധികമാണ്

## ബാരി ബാഗോട്ട്

മദ്യപാനം ആരോഗ്യത്തിനു ഹാനികരമാണെന്ന് പറയുകയും അതിന്റെ ദൂഷ്യവശങ്ങളിൽനിന്നു ആളുകൾ പിന്തിരിയാതിരിക്കുകയും ചെയ്യുന്നു. ഗവൺമെന്റിന് അതിന്റെ വരുമാനം ലഭിക്കുന്നു. അതുകൊണ്ട് വ്യാപാരം ചെയ്യുന്നവർ ലാഭം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. പക്ഷെ അതിന്റെ ദൂരവ്യാപകമായ ദുരന്തങ്ങൾ സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കും എനിക്കും അത് കണ്ടില്ലെന്നു നടിക്കുവാൻ സാധ്യമല്ല. ലോകപ്രകാരം ജീവിക്കുന്ന മനുഷ്യൻ അനുകരിക്കുന്നത് ലൗകിക മനുഷ്യനെയാണ്. കുടുംബങ്ങളെ കണ്ണുനീരിലാഴ്ത്തുന്ന ഈ വിഷയം ഗൗരവമായി ഓരോരുത്തരും കണക്കാക്കണം. മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുന്നവരും മുദ്രാവാക്യം വിളിച്ച് സമൂഹ മനസാക്ഷിയെ ആളുകൾ ഉണർത്തുന്നുണ്ട്. അതെല്ലാം നല്ലതാണ്, പക്ഷെ അതുകൊണ്ടൊന്നും യഥാർത്ഥ ഫലം ഉണ്ടാകുന്നില്ല എന്നതാണ് സത്യം.

ഒരു ക്രിസ്ത്യാനി മദ്യപിക്കാമോ? ക്രിസ്ത്യാനിയുടെ ജീവിതം എപ്രകാരമായിരിക്കണം? വീഞ്ഞു കുടിക്കുന്നത് മദ്യമാണോ? എത്ര കുടിച്ചാലാണ് ഒരാൾ മദ്യപാനിയായി തീരുന്നത്? ഇത്തരം നിരവധി ചോദ്യങ്ങൾ ചോദിക്കപ്പെട്ടിട്ടുണ്ട്. തീർച്ചയായും നാം ബൈബിൾ പറയുന്നതിനപ്പുറം പോകരുത്. എഴുതിയിരിക്കുന്നതിനപ്പുറം ചിന്തിക്കരുത്. തിരുവെഴുത്ത് ഈ വിഷയത്തെ കുറിച്ച് പഴയനിയമത്തിലും പുതിയനിയമത്തിലും ആധികാരികമായി വ്യക്തമാക്കിയിട്ടുണ്ട്. കാര്യകാരണസഹിതം ദൈവം അരുളിച്ചെയ്ത വേദഭാഗങ്ങളിൽ ഏതാനും നമുക്ക് പരിശോധിക്കാം.

മദ്യപാനി സ്വർഗത്തിൽ പോകുകയില്ല എന്ന് ദൈവം പറഞ്ഞിരിക്കുന്നു. അത് ജഡത്തിന്റെ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് ആവർത്തിച്ചാവർത്തിച്ച്

കൽപിച്ചിരിക്കുന്നു(ഗലാത്യർ 5:19-21).ഇരുട്ടിന്റെ പ്രവൃത്തികളിലാണ് മദ്യപാനം ഉൾപ്പെടുത്തിയിരിക്കുന്നത്. "പകൽ സമയത്ത് എന്ന പോലെ നാം മര്യാദയായി നടക്ക. വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്ക്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല, കർത്താവായ യേശുക്രിസ്തുവിനെ തന്നെ ധരിച്ചുകൊൾവിൻ"(റോമർ 13:12, 13). മദ്യാസക്തി വെച്ചുകൊണ്ടിരിക്കുന്നവരെ സഭ വെച്ചുകൊണ്ടിരിക്കരുത് എന്നു വചനം നമ്മെ പ്രബോധിപ്പിക്കുന്നു.

എന്നാൽ സഹോദരൻ എന്ന് പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ, വിഗ്രഹാരാധിയോ, വാവിഷ്ഠാണക്കാരനോ, മദ്യപനോ, പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അങ്ങനെയുള്ളവരോടുകൂടെ ഭക്ഷണം കഴിക്കുകപോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്ക് എഴുതിയത്(1 കൊരിന്ത്യർ 5:11). കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല(1 കൊരിന്ത്യർ 6:10). മദ്യപാനം ദൈവം വിലക്കിയിരിക്കുന്നതാണ്. അതുകൊണ്ട് അത് പാപമാണ്. മദ്യപാനം മറ്റുപാപങ്ങളിലേക്ക് ഒരാളെ തിരിച്ചുവിടും. ഒരു പാപം ഒന്നിലധികം പാപങ്ങളിലേക്ക് നയിക്കുമെന്നുള്ളതുകൊണ്ടാണ് ദൈവം അവ ഓരോന്നും വിലക്കിയിരിക്കുന്നത്.

മദ്യപാനി വാഹനം ഓടിക്കുകയാണെങ്കിൽ ആ വാഹനത്തിൽ കയറുന്ന യാത്രക്കാർക്ക് അപകടം നേരിടും. മദ്യപാനിയായ ഒരു ഡോക്ടർ ഒരു രോഗിയെ ഓപ്പറേഷൻ നടത്തിയാൽ എന്തായിരിക്കും സ്ഥിതി? ഇതെല്ലാം നമുക്ക് മനസിലാക്കാവുന്ന കാര്യങ്ങളാണ്. ഈ മോശമായ സ്വഭാവം ആ വ്യക്തികളെയും മറ്റുള്ളവരെയും ബാധിക്കുന്നു എന്നതും തിരിച്ചറിയണം. ഒരു മനുഷ്യനും തന്റെ ശരീരത്തെ ഉപദ്രവിക്കുവാൻ അവകാശമില്ല. മദ്യപാനി സ്വന്തം ശരീരത്തെയും ദ്രോഹിക്കുകയാണ് എന്നോർക്കുക. ആദ്യം അൽപം സേവിച്ചുതുടങ്ങുന്ന ആൾ പിന്നെ അതിനു അടിമപ്പെടുന്നതുകാണാം. ഒരിക്കൽ അതിന് അടിമപ്പെട്ടാൽ പിന്നെ അതിൽനിന്നു മോചനം നേടുക പ്രയാസമാണ്. മനുഷ്യമനസിനെ സാത്താൻ കൈവശപ്പെടുത്തി കഴിഞ്ഞാൽ അവൻ ആ വ്യക്തിയെ നശിപ്പിച്ചേ അടങ്ങു. ലോകത്തിൽ മദ്യപാനം ഒരു ജീവിതശൈലി ആയി മാറിയിരി

ക്കുകയാണ്. മദ്യം വിരുന്നുസൽക്കാരമായി മാറിയിരിക്കുകയാണ്. മദ്യപിച്ച് വാഹനം ഓടിച്ചതിനാൽ നിരവധി റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്. അനേകം കുടുംബങ്ങൾ സാമ്പത്തികമായി തകർന്നടിഞ്ഞു പോയിട്ടുണ്ട്. ദാമ്പത്യ ബന്ധങ്ങൾ തകർന്നുപോകയും കുട്ടികളുടെ ഭാവി തന്നെ നശിക്കുവാനിടയായിട്ടുണ്ട്. സമൂഹത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെട്ടാലും ആളുകൾ അതിൽനിന്നു പിന്തിരിയാതിരിക്കുന്നതാണ് പരിതാപകരം.

"വീഞ്ഞു നുരഞ്ഞു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുത്. ഒടുക്കം അതു സർപ്പം പോലെ കടിക്കും; അണലി പോലെ കൊത്തും നിന്റെ കണ്ണ് പരസ്ത്രീകളെ നോക്കും; നിന്റെ ഹൃദയം വക്രത പറയും; നീ നടുക്കടലിൽ ശയിക്കുന്നവനെ പോലെയും പാമരത്തിന്റെ മുകളിൽ ഉറങ്ങുന്നവനെ പോലെയും ആകും"(സദൃശവാക്യങ്ങൾ 23:31-34). ഒരാളും മദ്യപിച്ചു തുടങ്ങുന്നത് മദ്യപിച്ചു വഴിയിൽ കിടക്കുവാനല്ല. ആദ്യമൊക്കെ അറിയാതെ കുടിച്ചു തുടങ്ങും. പിന്നെ ആളുകൾ കണ്ടാലും അറിഞ്ഞാലും കുഴപ്പമില്ലാത്ത അവസ്ഥയിലേക്കു മാറും. പിന്നീടാണ് എത്ര വഷളായാലും വഷളായി എന്നു തോന്നുകയില്ല. അതായത് മദ്യം അയാളെ നിയന്ത്രിക്കുന്ന അവസ്ഥയിലേക്ക് മാറും. മദ്യപിച്ചുകഴിഞ്ഞാൽ ലഹരി മൂത്ത് ആളുകളെ തിരിച്ചറിയുകയില്ല. നാവ് കുഴയും സുബോധം നഷ്ടപ്പെടുകയും ചെയ്യും.

മറ്റുള്ളവർക്ക് അങ്ങനെ സംഭവിക്കുന്നതുകാണുമ്പോൾ ഞാൻ അങ്ങനെയൊന്നും ആകുകയില്ല എന്നു പറഞ്ഞവരും മദ്യത്തിന് അടിമപ്പെട്ട സംഭവങ്ങൾ വിരളമല്ല. ജീവിതത്തെ നശിപ്പിക്കുന്ന മദ്യം ഞാൻ തൊടുകയില്ല എന്നു ഓരോരുത്തരും പ്രതിജ്ഞ ചെയ്യണം. സമൂഹത്തോടുള്ള നമ്മുടെ കടപ്പാട് നമുക്ക് പൂർണ്ണമായി നിർവ്വഹിക്കാൻ കഴിയണമെങ്കിൽ നാം പാപത്തെ ഉപേക്ഷിക്കണം. മാന്യത ദൈവവചനപ്രകാരം ജീവിക്കുന്നവർക്കാണ്. ദൈവനിയമത്തെ ലംഘിക്കുന്നവരെ ആളുകൾ ബഹുമാനിക്കുകയില്ല. മറ്റുള്ളവർ നമ്മെ അംഗീകരിക്കണമെങ്കിൽ നമ്മുടെ ജീവിതം ശരിയായിരിക്കണം. അയോഗ്യമായ ജീവിതം നയിക്കുന്നവരുമായി സമ്പർക്കം പുലർത്തുവാൻ ആളുകൾ മടിക്കും. ദൈവത്തിനു അറപ്പും വെറുപ്പും ഉളവാക്കുന്ന പാപം നമ്മുടെ ജീവിതത്തിൽ വരുവാൻ അനുവദിക്കരുത്. അതിനു നാം തന്നെ തീരുമാനിക്കണം.

നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ എന്നു പൗലൊസ് നമ്മെ മുന്നറിയിച്ചിരിക്കുന്നു. ചില ആളുകൾ മദ്യം രുചിച്ചു നോക്കിയിട്ട് പിന്നീട് അതു തൊട്ടിട്ടേയില്ല എന്നു പറഞ്ഞവരുണ്ട്. പക്ഷെ എല്ലാവർക്കും അതിനു കഴിയുന്നില്ല. മനോദൗർബ്ബല്യമുള്ളവരാണ് ഇത്തരം ദുശീലങ്ങൾക്ക് പെട്ടെന്ന് അടിമയാകുന്നത്. ആരെങ്കിലും അവരെ സ്വാധീനിക്കുവാൻ ശ്രമിച്ചാൽ അവർ പെട്ടെന്നു അതിനു കീഴ്പ്പെടും. ശൂദ്ധഗതിക്കാരായ ഇത്തരം ആളുകളെ കുറിച്ച് ഓർത്ത് എത്രയോ പേർ വിഷമിക്കുന്നു. ഒരു ക്രിസ്ത്യാനി ഒരിക്കലും മദ്യപിക്കരുത്. കാരണം അതുമൂലം അയാൾ സ്വർഗത്തിൽ പോകുകയില്ല. പിന്നെ മറ്റൊന്നു അയാൾ നിമിത്തം ക്രിസ്തുവിന്റെ നാമം ദുഷിക്കപ്പെടുവാൻ സാഹചര്യമുണ്ടാക്കുകയാണ് ചെയ്യുന്നത്.

ഒരു ക്രിസ്ത്യാനി വാക്കിലും നടപ്പിലും പ്രവൃത്തിയിലും മറ്റുള്ളവർക്ക് മാതൃക കാണിച്ചു കൊടുക്കേണ്ടവനാണ്. നാം ആർക്കും ഇടർച്ച വരുത്തരുത്. നാം മറ്റുള്ളവർക്ക് അവസരം നിഷേധിക്കരുത്. ഓരോ ക്രിസ്ത്യാനിയും മറ്റുള്ളവരോട് സുവിശേഷം അറിയിക്കേണ്ടതാണ്. അതിന് ആരും തടസം ആയി തീരരുത്. ഒരാളുടെ ഇത്തരം ദുഷിച്ച സ്വഭാവം നിമിത്തം ആ പരിസരത്തുള്ളവർ നഷ്ടപ്പെട്ടുപോകുവാൻ അയാൾ കാരണമായി തീരുന്നു. എന്റെ സഹോദരനു ഇടർച്ചയാകുമെങ്കിൽ ഞാൻ ഒരുനാളും മാംസം കഴിക്കുകയില്ല എന്ന് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഓരോരുത്തരും അവനവനെ തന്നെ സൂക്ഷിക്കണം. വേണമെന്നുണ്ടെങ്കിൽ ഏതു ദുശീലവും നമുക്ക് മാറ്റാവുന്നതേയുള്ളു. അതിനു ഓരോ ദൈവപൈതലും മനസു വെക്കണം.

"എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്നു ആരെങ്കിലും ഇടർച്ച വരുത്തിയാലോ, അവന്റെ കഴുത്തിൽ വലിയോരു തിരികല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തി കളയുന്നത് അവന് നന്നു. ഇടർച്ച ഹേതുവായി ലോകത്തിന്നു അയ്യോ കഷ്ടം. ഇടർച്ച വരുന്നത് ആവശ്യം തന്നെ. എങ്കിലും ഇടർച്ച വരുത്തുന്ന മനുഷ്യന്നു അയ്യോ കഷ്ടം"(മത്തായി 18:6, 7). ചില കാര്യങ്ങളിൽ തന്നെ ദോഷമുള്ളതല്ല, പക്ഷെ അതു മറ്റുള്ളവർക്ക് ഇടർച്ച വരുത്തുന്നവയാണ്. അതുകൊണ്ട് നാം അവയെ ഉപേക്ഷിക്കണം.

ക്രിസ്തു ആർക്കു വേണ്ടി മരിച്ചുവോ അവരെ നാം നമ്മുടെ ആഹാരം കൊണ്ടോ സംസാരം കൊണ്ടോ നശിപ്പിക്കരുത് എന്ന് അപ്പൊസ്തലൻ നമ്മെ ഓർപ്പിക്കുന്നു. നാം ചെയ്യുന്ന കാര്യങ്ങൾ മറ്റൊരാൾക്ക് ഇടർച്ച വരുത്താതെ നോക്കണം. നമ്മുടെ യൗവ്വന ക്കാരെ സുബോധമുള്ളവരായിരിപ്പാൻ പ്രബോധിപ്പിക്ക. വിരോധി നമ്മെക്കൊണ്ട് ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ട തിന്നു സകലത്തിലും നിന്നെ തന്നെ സൽപ്രവൃത്തിക്കു മാതൃക യാക്കി സമർപ്പിക്കുക(തിത്തൊസ് 2:6, 7). ലഹരിപദാർത്ഥങ്ങൾ ഉപ യോഗിക്കുന്നവർക്ക് പല രോഗങ്ങളും വരുവാനിടയുണ്ട്. കരൾ സംബന്ധമായതും ഹൃദയസംബന്ധമായതുമായ രോഗങ്ങളാണ് പ്രധാനമായും ഇവരെ ബാധിക്കുന്നത്. ചിലർക്ക് അർബ്ബുദ രോഗവും ഉണ്ടാകുന്നു എന്ന് ഡോക്ടർമാർ കണ്ടെത്തിയിരിക്കുന്നു. കൂടാതെ അവരുടെ ക്രിയാത്മകശേഷി നശിപ്പിക്കുകയും ചെയ്യും.

ഒരാൾ ക്രിസ്ത്യാനിയായാൽ അയാളുടെ ശരീരം കർത്താവി നുള്ളതായി മാറുന്നു. ദൈവം വസിക്കുന്ന മന്ദിരമായ ശരീരത്തെ ദുരുപയോഗം ചെയ്യുവാൻ ക്രിസ്ത്യാനിക്ക് അവകാശമില്ല. അയാൾ തന്റെ ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവു മുള്ള യാഗമായി ഉപയോഗിക്കണം. ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കേണ്ടവരാണ് ക്രിസ്തുവിൽ ആയി തീർന്നവർ. നിസ്വാർത്ഥ മായി വേണം നമ്മുടെ ശരീരം ഉപയോഗിക്കുവാൻ എന്നർത്ഥം. യേശു തന്റെ ശരീരം എങ്ങനെ ഉപയോഗിച്ചു എന്നതാണ് ഓരോ രുത്തരും ചിന്തിക്കേണ്ടത്. ഈ ഭൂമിയിൽ മനുഷ്യപുത്രനായി ജീവിച്ച യേശു തന്റെ ശരീരം പാപികളുടെ മോചനത്തിനായി ഉപയോഗി ച്ചു. ജീവനുള്ള യാഗമായി തന്റെ ശരീരത്തെ അവൻ ഏൽപിച്ചു കൊടുത്തു. അതാണ് നിങ്ങളും ഞാനും ചെയ്യേണ്ടത്. ദൈവത്തിന്റെ മന്ദിരത്തെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും എന്നാണ് വചനം നമ്മെ ഓർപ്പിക്കുന്നത്(1 കൊരിന്ത്യർ 3;17).

യേശു വീഞ്ഞ് ഉണ്ടാക്കി കൊടുത്തില്ലേ അതുകൊണ്ട് മദ്യ പാനം തെറ്റല്ല എന്നു വാദിക്കുന്നവരുണ്ട്. യേശു മദ്യമല്ല ഉണ്ടാക്കി കൊടുത്തത്, മറിച്ച് വീഞ്ഞാണ് എന്ന കാര്യം ആളുകൾ വിസ്മരി ക്കുന്നു. അതിഥികളെ സൽക്കരിക്കുന്നതിനു അന്നു വീഞ്ഞ് ഉപ യോഗിച്ചിരുന്നു. അത് ലഹരി പിടിക്കുക എന്ന ഉദ്ദേശത്തിനായിരു ന്നില്ല എന്ന കാര്യം നാം പ്രത്യേകം ശ്രദ്ധിക്കണം.

**തിരുത്ത്**

2012 ഡിസംബർ ലക്കത്തിലെ പത്ഥ്യോപദേശം എന്ന ലേഖനത്തിൽ(8-ാം പേജിൽ അവസാനത്തെ വരി) സത്യമായ ഉപദേശം എന്നതിനു പകരം **അസത്യമായ** ഉപദേശം എന്നു തിരുത്തി വായിക്കുവാൻ അപേക്ഷിക്കുന്നു. തെറ്റു പറ്റിയതിൽ നിർവ്യാജം ഖേദിക്കുന്നു.

എഡിറ്റർ

✶

# നിങ്ങൾ കണക്കാക്കേണ്ട സുവാർത്ത

## ഡേവിഡ് തർമാൻ

എല്ലാ സമൂഹങ്ങളിലും വാർത്തകൾ നിറഞ്ഞു നിൽക്കുകയാണ്. പലതരത്തിലുള്ള വാർത്തകളാണ് ഓരോ സമൂഹത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കുലപാതകങ്ങൾ മാനഭംഗങ്ങൾ, പീഡനങ്ങൾ, കവർച്ചകൾ. പുതിയ വിശേഷങ്ങൾ കേൾക്കുവാനും അറിയുവാനും താൽപര്യമുള്ളവരാണ് അധികം പേരും. അതിന്റെ കാരണം പുതുമ നമ്മുടെ മനസിനു കുളിർമ്മ നൽകുന്നു എന്നതാണ്. പഴയനിയമ പ്രവചനങ്ങൾ നിലനിന്ന സാഹചര്യത്തിൽ പ്രവാചകന്മാർ ഓരോരുത്തരായി വരികയും ദൈവദൂത് ജനത്തോട് അറിയിക്കുകയും ചെയ്തു. മലാഖി വന്നു നാനൂറു വർഷങ്ങൾക്കു ശേഷമാണ് യോഹന്നാൻ സ്നാപകൻ വരുന്നത്. ജനങ്ങൾ അവനെ എതിരേറ്റു. അവന്റെ പ്രസംഗ വിഷയം മാനസാന്തരവും സ്നാനവുമായിരുന്നു. അത് ജനങ്ങൾക്ക് പ്രത്യേകതയുള്ളതായിരുന്നു. അതിനു ശേഷം യേശു ജനിക്കുന്നു. അവന്റെ ജനനം തന്നെ പുതുമയുള്ളതായിരുന്നു. പരിശുദ്ധാത്മാവിനാൽ ഭൂജാതനായ കർത്താവിന്റെ വരവ് സർവ്വജനത്തിനുമുണ്ടാകുവാനിരുന്ന സന്തോഷമായിരുന്നു. കാരണം സർവ്വജനത്തിന്റേയും പാപങ്ങൾക്ക് ഒരു തീർപ്പു കൽപിക്കുവാനാ

യിരുന്നു അവൻ വന്നത്.

യേശുക്രിസ്തു മുഖാന്തരം മനുഷ്യർക്ക് ലഭിക്കുന്ന ആത്മീയമായ പുതുക്കം ഒരു നല്ല വിശേഷം ആണ്. മരണത്തെ തോൽപിച്ചതും നീക്കിയതും നല്ല വിശേഷമായി തീരുന്നു. അതിന് യേശു മരിക്കയും, അടക്കപ്പെടുകയും, ഉയിർത്തെഴുന്നേൽക്കുകയും ചെയ്തത് എല്ലാ മനുഷ്യർക്കും നല്ല വാർത്തയായി മാറി. താൽകാലികമായ പാപത്തിനുള്ള പ്രായശ്ചിത്തം നടത്തിയിരുന്നത് ഒഴിവാക്കി യേശു ഒരിക്കലായി എന്നേക്കുമുള്ള പാപപരിഹാരം വരുത്തി എന്ന വിശേഷം പുതിയതാണ്. പുതിയനിയമപ്രകാരം നാം ആ പുതിയ വിശേഷത്തിന് അവകാശികളായി തീരണമെന്നതാണ് ദൈവത്തിന്റെ പദ്ധതി. ദൈവത്തിന്റെ നിത്യാവകാശം പ്രാപിക്കുവാൻ ആ വാർത്ത നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കണം. ക്രിസ്തുവിന്റെ സുവിശേഷത്തെ ലോകം പൊതുവിൽ ത്യജിച്ചിരിക്കുകയാണ്. അതിനു പകരം ആളുകൾ പലതും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ അതു ദൈവം സ്വീകരിക്കുകയില്ല.

പണ്ട് നിങ്ങളുടെ അജ്ഞാനകാലത്ത് ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന്ന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. "ഞാൻ വിശുദ്ധനായിരിക്കയാൽ നിങ്ങളും വിശുദ്ധരാകുവിൻ" എന്നു എഴുതിയിരിക്കുന്നുവല്ലോ. മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ. വ്യർത്ഥവും പിതൃപാരമ്പര്യവുമായ നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ(1 പത്രൊസ് 1:14-19). ഇവിടെ അപ്പൊസ്തലനായിരുന്ന പത്രൊസ് ക്രിസ്ത്യാനികളെ മൂന്നു പ്രത്യേക തത്വങ്ങൾ പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ വീണ്ടെടുപ്പ് നമ്മുടെ ജീവിതത്തിനു ഒഴിച്ചുകൂടാൻ പറ്റാത്തതായിരുന്നു. ക്രിസ്തു സ്വയം യാഗമായി തീർന്നില്ലെങ്കിൽ നാമെല്ലാം അങ്ങനെ തന്നെ നശിച്ചുപോകുമായിരുന്നു. അതുകൊണ്ട് ആ വിശേഷത്തിന്റെ മാറ്റ് വർദ്ധി

ക്കുകയാണ് എന്നതിൽ സംശയമില്ല. നിങ്ങൾ ലോകത്തിലുള്ളവരെ പോലെ ആകുക എന്നതല്ല അതിൽ അടങ്ങിയിരിക്കുന്നത് വ്യത്യാസമുള്ളവരാകുക എന്നതാണ്.

വിശുദ്ധ വിളിയാൽ നമ്മെ ദൈവം വിളിക്കുമ്പോൾ നാം അതു സ്വീകരിക്കുന്നത് നല്ല വിശേഷമാണ്. ദുഷ്ടത നിറഞ്ഞ ലോകത്തിൽ നിങ്ങൾക്കും എനിക്കും ദൈവത്തെ പോലെ ആകുവാൻ അവസരം ലഭിക്കുക എന്നതാണ് മഹത്തായ കാര്യം. കണക്കു കൊടുക്കേണ്ടവരാണ് മനുഷ്യരെല്ലാവരും. എന്നാൽ ദൈവത്തിന്റെ ക്ഷണം സ്വീകരിക്കുന്നവർക്ക് പ്രത്യേകമായ അനുഗ്രഹങ്ങളുണ്ട് എന്നതു ഏവരേയും സന്തോഷിപ്പിക്കും. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല, അവന്റെ പ്രവൃത്തികളും ന്യായവിധിയും മുഖപക്ഷമില്ലാത്തതാണ്. പാപം ക്ഷമിച്ചു കിട്ടുന്നവരെയാണ് ക്രിസ്തുവിനോട് ചേർക്കുന്നത്. ക്രിസ്തുവിനോട് ചേരുന്നവർക്കാണ് ക്രിസ്തുവിനെ ധരിക്കുവാൻ അവസരം ലഭിക്കുന്നത്. അതുകൊണ്ട് ക്രിസ്തുയേശുവിലുള്ളവർക്ക് യാതൊരു ശിക്ഷാവിധിയുമില്ല(റോമർ 8:1, 2).

ചില ആളുകൾക്ക്, പ്രത്യേകിച്ച് വിശ്വാസികൾക്കു പോലും ന്യായവിധി ഭയാനകമായി തോന്നുന്നു. വാസ്തവത്തിൽ അത് നല്ല വിശേഷമാണ്. കാരണം ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്ക് തക്ക പ്രതിഫലം ഉണ്ട് എന്നു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. തീവ്രവാദത്തോടുള്ള പോരാട്ടത്തിൽ ചില തീവ്രവാദികൾ രക്ഷപ്പെട്ടേക്കാം. പക്ഷെ ദൈവത്തിന്റെ ന്യായവിധിയിൽനിന്നു ആർക്കും രക്ഷപ്പെടുവാൻ കഴിയുകയില്ല എന്നത് സന്തോഷകരമായ വാർത്തയാണ്. ചില കുറ്റവാളികൾ ഇവിടെ നിയമത്തിന്റെ പഴുതിൽ നിന്നു ഒഴിവാക്കപ്പെട്ടേക്കാം. എന്നാൽ ദൈവത്തിന്റെ ന്യായവിധിയിൽനിന്ന് ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല എന്ന കാര്യം നമ്മെ സംബന്ധിച്ച് നല്ല വാർത്തയാണ്. ദൈവം അറിയാതെയോ അവൻ കാണാതെയോ ഒന്നും സംഭവിക്കുന്നില്ല എന്നത് സുവിശേഷം തന്നെയാണ്. ദൈവത്തെ കർത്താവ് വെളിപ്പെടുത്തയിരിക്കുന്നു എന്നത് അനുഗ്രഹപ്രദമായ ഒരു വാർത്ത തന്നെയാണ്.

കർത്താവിന്റെ നാമത്തിൽ ഒരു ഗ്ലാസ് വെള്ളം കൊടുത്താൽ പോലും നമുക്ക് പ്രതിഫലം കിട്ടാതെ പോകയില്ല(മർക്കൊസ് 9:41) (ശേഷം 29-ാം പേജ് നോക്കുക).

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

ഒരു മാറ്റത്തിനാണ് ദൈവം നമ്മെ വിളിക്കുന്നത്. നാം ലോകത്തിൽ ഭോഷന്മാരായി തീരേണ്ടതിനല്ല, പിന്നെയോ ദൈവമക്കളായി ദൈവത്തിന്റെ അവകാശങ്ങൾ അനുഭവിക്കുന്നവരായി തീരുന്നു. തന്റെ വാഗ്ദാനങ്ങളിൽ ആശ്രയിക്കുന്നവരെ അവൻ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല. ഇനി ഒരിക്കലും ലോകം നമ്മെ സ്വാധീനിക്കുവാൻ നാം അനുവദിക്കരുത്. ദൈവത്തെ അനുസരിക്കുവാൻ താൽപര്യപ്പെടുന്നവർ തന്നെത്താൻ ത്യജിക്കുന്നവരായിരിക്കും. യേശുവിനെ പിൻപറ്റുന്നവർ എല്ലാവരും സ്വയം തീരുമാനിച്ച് ജീവിക്കേണ്ടവരാണ്. നാം ജീവിക്കേണ്ടത് ദൈവരാജ്യത്തിലെ പൗരന്മാരായിട്ടാണ്. ആത്മീയ കാഴ്ച്ചപ്പാടുള്ളവർക്കാണ് പുതിയ അനുഭവങ്ങൾ അനുഭവിക്കുവാൻ കഴിയുക. നമുക്ക് സംഭവിക്കുന്ന മാറ്റം പുറമെയല്ല, അകമേയാണ്. അതായത് നമ്മുടെ മനോവികാരങ്ങളും ഹൃദയവിചാരങ്ങളും മാറുമ്പോഴാണ് നിലനിൽക്കുന്ന മാറ്റം സംഭവിക്കുന്നത്.

പവിത്രവും പരിപാവനവുമായ രക്തം മുഖാന്തരമാണ് നമ്മെ ദൈവം വീണ്ടെടുത്തിരിക്കുന്നത്(1 പത്രൊസ് 1:18, 19). പാപരഹിതമായി ജീവിച്ച യേശുക്രിസ്തുവിന്റെ രക്തത്താലാണ് കർത്താവ് പുതിയനിയമത്തെ ഉറപ്പിച്ചത്. ആ രക്തത്തിന്റെ വില നമ്മുടെ അറിവിനും അപ്പുറമാണ്. ആ രക്തം ഇന്നും നമുക്ക് വേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു എന്നതു സന്തോഷിപ്പിക്കുന്ന വിവരമാണ്. രക്തം കൂടാതെ വിമോചനമില്ല എന്നതാണ് ദൈവത്തിന്റെ നിയമം ആ നിയമരക്തത്തെ ആരും മലിനം എന്നു വിചാരിക്കരുത്. അതായത് ഒരിക്കൽ കർത്താവ് പാപമോചനത്തിനായി രക്തം ചിന്തി. വീണ്ടും അവന്റെ രക്തം ചിന്തുമെന്നു വിചാരിക്കരുത്.

പൂർണ്ണതയിലേക്കാണ് ദൈവം നമ്മെ നയിക്കുന്നത്. തികവുള്ള ദൈവികപരിജ്ഞാനത്തിലേക്ക് നമ്മെ നടത്തുകയാണ് ദൈവം ചെയ്യുന്നത്(2 തിമൊഥെയൊസ് 3:16, 17). രക്ഷിക്കപ്പെടുന്ന വ്യക്തിയിൽ ദൈവവും ക്രിസ്തുവും പരിശുദ്ധാത്മാവും പ്രവർത്തിക്കുകയാണ്. അങ്ങനെയാണ് ദൈവികമായ തികവിലേക്ക് നമ്മെ നടത്തുന്നത്. അതുകൊണ്ട് ക്രിസ്തുവിന്റെ അടുക്കൽ എല്ലാവരും എത്തുകയും അവന്റെ കൽപനകളെല്ലാം പാലിക്കുകയും ചെയ്യണം.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ
വർഗ്ഗീസ്
പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും
രാവിലെ 6 മണിക്ക്
ജയ്ഹിന്ദ് ടിവിയിൽ
കേൾക്കുക!